**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി (2019-2021)

**പത്തൊൻപതാമത് റിപ്പോർട്ട്**

(2020 മാർച്ച് 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

## പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി
# (2019-2021)

**പത്തൊൻപതാമത് റിപ്പോർട്ട്**

382/2020.

## ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| റിപ്പോർട്ട് | .. | 1 |

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി
# (2019-2021)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ജോർജ് എം. തോമസ്

<u>അംഗങ്ങൾ :</u>

ശ്രീ. പി. വി. അൻവർ

" എൽദോ എബ്രഹാം

" എം. സി. കമറുദ്ദീൻ

" എം. രാജഗോപാലൻ

" കെ. എസ്. ശബരീനാഥൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. എസ് . വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. സി. ജോസ് , സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ദീപ. വി. , ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. ഷാജി, അണ്ടർ സെക്രട്ടറി.

## റിപ്പോർട്ട്

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2020 മാർച്ച് 13-ാം തീയതി വെള്ളിയാഴ്ച സഭയിൽ ചർച്ചയ്ക്കുവരുന്ന അനൗദ്യോഗിക പ്രമേയങ്ങൾക്ക് സമയപരിധി നിർണ്ണയിക്കുന്ന കാര്യം 2020 മാർച്ച് 11-ാം തീയതി ചേർന്ന സമിതി യോഗം പരിഗണിക്കുകയുണ്ടായി. പ്രമേയങ്ങളുടെ ചർച്ചയ്ക്ക് സമിതി താഴെപ്പറയുന്ന പ്രകാരം സമയപരിധി ശിപാർശ ചെയ്യുന്നു:

| ക്രമ നമ്പർ | പ്രമേയങ്ങൾ | സമയം |
|---|---|---|
| 1 | ശ്രീ. ആർ. രാജേഷ്, എം. എൽ. എ. നോട്ടീസ് നൽകിയ പ്രമേയം | 40 മിനിറ്റ് |
| 2 | ശ്രീ. അനൂപ് ജേക്കബ്, എം. എൽ. എ. നോട്ടീസ് നൽകിയ പ്രമേയം | 40 മിനിറ്റ് |
| 3 | ശ്രീ. സി. കെ. ഹരീന്ദ്രൻ, എം. എൽ. എ. നോട്ടീസ് നൽകിയ പ്രമേയം | 40 മിനിറ്റ് |

3. മുകളിൽ കൊടുത്തിരിക്കുന്ന ഏതെങ്കിലും പ്രമേയത്തിന് അനുവദിച്ചിട്ടുള്ള സമയം മുഴുവനും ആവശ്യമില്ലാതെ വരുന്നപക്ഷം ശേഷിക്കുന്ന സമയം മറ്റിനങ്ങൾക്കുവേണ്ടി യഥാർഹം വിനിയോഗിക്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. 2020 മാർച്ച് 11-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

5. 2020 മാർച്ച് 13-ാം തീയതി വെള്ളിയാഴ്ച ചർച്ചയ്ക്കുവരുന്ന അനൗദ്യോഗിക പ്രമേയങ്ങൾ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

ജോർജ് എം. തോമസ്,

*അദ്ധ്യക്ഷൻ,*

*അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും*

*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2020 മാർച്ച് 11.

<u>അനുബന്ധം</u>

**2020 മാർച്ച് 13-ാം തീയതി വെള്ളിയാഴ്ച സഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങൾ**

| ക്രമ നമ്പ | അംഗത്തിന്റെ പേര് | പ്രമേയം |
|---|---|---|
| 1 | 2 | 3 |
| 1 | ശ്രീ. ആർ. രാജേഷ് | സർക്കാർ സർവീസിൽ അവസര സമത്വം ഉറപ്പാക്കുന്നതിനായി നിയമനത്തിലും പ്രമോഷനിലും സംവരണം ഏർപ്പെടുത്താമെന്ന ഭരണഘടനയുടെ അനുച്ഛേദം 16(4), 16(4 എ) എന്നിവ നൽകുന്ന മൗലികാവകാശത്തിനെതിരെ കേന്ദ്രഭരണത്തെ പിന്നിൽ നിന്നുമാത്രമല്ല മുന്നിൽ നിന്നും നയിക്കുന്നതെന്ന് ഭരണാധികാരികൾ തന്നെ വെളിപ്പെടുത്തിയിട്ടുള്ള ശക്തികൾ തീവ്ര പ്രചരണം നടത്തുന്ന ഘട്ടത്തിൽ അതിനനുപൂരകമായി സുപ്രീംകോടതി രണ്ടംഗ ബെഞ്ച് പ്രമോഷന് സംവരണം ബാധകമാക്കണമെന്നു നിർദ്ദേശിക്കാൻ കഴിയില്ലെന്നു വിധിച്ചത് ഭരണഘടനാനിരാസത്തിന് തുല്യമാണ്. ഭരണഘടനയുടെ അനുച്ഛേദം 16(4) പറയുന്നത് "ഈ അനുഛേദത്തിലെ യാതൊന്നും രാഷ്ട്രത്തിന്റെ അഭിപ്രായത്തിൽ രാഷ്ട്രത്തിന്റെ കീഴിലുള്ള സർവീസുകളിൽ മതിയായിടത്തോളം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത ഏതെങ്കിലും പിന്നാക്ക വിഭാഗത്തിൽപെട്ട പൗരന്മാർക്ക് നിയമനങ്ങളോ തസ്തികകളോ സംവരണം ചെയ്യുന്നതിന് ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുന്നതല്ല" എന്നും 16(4 എ) പറയുന്നത് "ഈ അനുച്ഛേദത്തിലെ യാതൊന്നും രാഷ്ട്രത്തിന്റെ അഭിപ്രായത്തിൽ രാഷ്ട്രത്തിന്റെ കീഴിലുള്ള സർവീസുകളിലെ ഏതെങ്കിലും തരത്തിലോ തരങ്ങളിലോ ഉള്ള തസ്തികകളിൽ മതിയായിടത്തോളം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത പട്ടികജാതികൾക്കോ പട്ടികഗോത്രവർഗങ്ങൾക്കോ (ഉദ്യോഗ കയറ്റത്തിന്റെ സംഗതിയിൽ, അനന്തര ഫലമായുള്ള സീനിയോറിറ്റി സഹിതം) സംവരണത്തിന് |

| 1 | 2 | 3 |
|---|---|---|
| | | വേണ്ടി ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുന്നതല്ല." എന്നുമാണ്. ഇവയ്ക്ക് വിരുദ്ധമായ വിധി പട്ടികജാതി-പട്ടികഗോത്രവർഗക്കാർക്കിടയിലും ഭരണഘടനയെ രാഷ്ട്രത്തിന്റെ അടിസ്ഥാന തത്വമായി അംഗീകരിക്കുന്ന എല്ലാവരിലും ഉയർത്തിയിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിനും സംവരണം ഉറപ്പാക്കുന്നതിനും കേന്ദ്ര സർക്കാർ നടപടിയെടുക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു. |
| 2 | ശ്രീ.അനൂപ് ജേക്കബ് | റബ്ബറിന്റെ ഉല്പാദന ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് നിലവിൽ ലഭിക്കുന്ന അടിസ്ഥാനവില 150 രൂപയിൽ നിന്നും 200 രൂപയായി ഉയർത്തണമെന്നും നെല്ലിന്റെ സംഭരണ വില ഉയർത്തി നിശ്ചയിക്കണമെന്നും ഈ സഭ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു. |
| 3 | ശ്രീ. സി. കെ. ഹരീന്ദ്രൻ | ഗ്രാമപ്രദേശങ്ങളിലെ പാവപ്പെട്ടവരുടെ ദാരിദ്ര്യം അകറ്റുന്നതിനായി 2005-ൽ ആരംഭിച്ച മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേന്ദ്രസർക്കാർ വേണ്ടത്ര തുക വകയിരുത്താതെ ദുർബലപ്പെടുത്തി ക്കൊണ്ടിരിക്കുകയാണ്. രാജ്യത്തും സംസ്ഥാനത്തിനകത്തും പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ ഒരു ചെറു ന്യൂനപക്ഷത്തിനു മാത്രമാണ് 100 ദിവസത്തെ തൊഴിൽ ലഭിക്കുന്നത്. 2019-20 വർഷത്തെ കേന്ദ്ര ബജറ്റിൽ 71,000 കോടി രൂപ നീക്കിവച്ചിരുന്നിടത്ത് 2020-21-ൽ അത് 61,500 കോടിരൂപയായി കുറച്ചു. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങൾ കൊണ്ടും നടപടി കൊണ്ടും കടുത്ത മാന്ദ്യം നേരിടുന്ന ഈ കാലഘട്ടത്തിൽ വൻ വ്യവസായികൾക്ക് റിസർവ് ബാങ്കിന്റെ കരുതൽ ധനം ഉൾപ്പെടെ ഉത്തേജക പാക്കേജായി 2,15,000 കോടി രൂപ അനുവദിച്ച അതേ അവസരത്തിലാണ് ഗ്രാമീണ ജനതയുടെ ജീവസന്ധാരണം |

| 1 | 2 | 3 |
|---|---|---|
| | | കൂടുതൽ ദുരിത പൂർണ്ണമാക്കുന്ന ഈ നടപടി. ഇത് ചരക്കുകളുടെ ആവശ്യകതയിൽ കുറവ് സൃഷ്ടിച്ച് സമ്പദ്‌വ്യവസ്ഥയെ വീണ്ടും മന്ദീഭവിപ്പിക്കും.<br><br>പദ്ധതി ഗുണഭോക്താക്കളുടെ കൂലി വർഷംതോറും വർദ്ധിപ്പിച്ചു നൽകേണ്ട കേന്ദ്രസർക്കാർ കഴിഞ്ഞ രണ്ടുവർഷമായി കേരളത്തിന് നിശ്ചയിച്ചിട്ടുള്ള കൂലിയിൽ ഒരു രൂപ പോലും വർദ്ധിപ്പിക്കാൻ തയ്യാറായില്ല. എടുത്ത തൊഴിലിന് രണ്ടാഴ്ചക്കകം കൂലി നൽകണമെന്ന വ്യവസ്ഥക്ക് വിരുദ്ധമായി ആറ് മാസം കാലതാമസം വരുത്തുന്നു. ഉപജീവനത്തിന് കൂലി മാത്രം ആശ്രയമായ ദരിദ്രരെ ഇതു കടുത്ത ദുരിതത്തിലാഴ്ത്തുകയാണ്. നിർമ്മാണ വസ്തുക്കൾക്കുള്ള വിഹിതവും എട്ട് മാസത്തോളം വൈകിക്കുന്നത് പദ്ധതിക്ക് ആവശ്യമായ നിർമ്മാണ വസ്തുക്കൾ ലഭ്യമാകാതെ പദ്ധതി അപ്രായോഗികമാക്കുന്നു. നേരിട്ടുള്ള കൃഷിപ്പണികളെ പദ്ധതിയിൽ നിന്നും 2014-ൽ ഒഴിവാക്കിയത് പുനഃസ്ഥാപിക്കുകയും ക്ഷീരകർഷകരെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ട് ദാരിദ്ര്യ ലഘൂകരണത്തിനും രാജ്യത്തെ സമ്പദ്ഘടനയുടെ പ്രാഥമിക മേഖലയെ ഉത്തേജിപ്പിച്ചുകൊണ്ട് സമ്പദ് വ്യവസ്ഥയെ ചലനാത്മകമാക്കുന്നതിനും കേന്ദ്രസർക്കാർ സത്വരമായ നടപടി സ്വീകരിക്കണം എന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.